**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 854** | **02-02-2026 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ ലാന്റ് ബാങ്ക് പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങിയ ഭൂമിയിൽ ജില്ലാ നിർമ്മിതി കേന്ദ്രം 17.10.2025 ന് സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | **ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങിയ ഭൂമിയിൽ മണ്ണ് ബലപ്പെടുത്തുന്നതിനായി മാത്രമുള്ള എസ്റ്റിമേറ്റാണ് ജില്ലാ നിർമിതി കേന്ദ്രം 17.10.2025 ന് സമർപ്പിച്ചിരുന്നത്. എസ്റ്റിമേറ്റ് തുക ഒരു കോടിയിൽ കൂടുതൽ ആയതിനാൽ ജില്ലാ കളക്ടറുടെ നിർദേശപ്രകാരം എ.ഡി.എം ന്റെ അദ്ധ്യക്ഷതയിൽ 22.10.2025-ൽ ചേർന്ന യോഗത്തിൽ ജിയോളജി, സോയിൽ കൺസർവേഷൻ വകുപ്പ്, DDMA (District Disaster Management Authority), പഞ്ചായത്ത്, PWD, CRZ (Coastal Regulation Zone) എന്നീ വകുപ്പുകളിലെ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംയുക്ത പരിശോധന നടത്തുന്നതിന് തീയതി നിശ്ചയിച്ച് ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത സ്ഥലത്ത് പതിനഞ്ച് വീടുകളായി നിർമ്മിക്കുന്നതിന് പകരം ഫ്ലാറ്റായി നിർമ്മിച്ച് ബാക്കി സ്ഥലം ഉപഭോക്താക്കൾക്ക് തന്നെ ഉപയോഗിക്കാമെന്നുള്ള നിർദ്ദേശത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (ബി) | ഗുണഭോക്താക്കൾ ഫ്ലാറ്റിൽ താമസിക്കുന്നതിനോട് വിമുഖത ഉള്ളവരാണ്. മാത്രമല്ല ചുരുക്കം പേർ മാത്രമാണ് നിലവിൽ താമസിക്കുന്ന സ്ഥലത്ത് നിന്നും മാറി താമസിക്കുവാൻ തയ്യാറായിട്ടുള്ളത്. മേൽ സാഹചര്യത്തിൽ **സംയുക്ത പരിശോധന നടത്തുന്നതിന് തീയതി നിശ്ചയിച്ച് ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.** |
| (സി) | പ്രസ്തുത ഭൂമി വിതരണം ചെയ്യുന്നതിനായുള്ള ഉപഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഉപഭോക്താക്കൾ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | പേര് | മേൽവിലാസം | റിമാർക്കസ് |
|---|---|---|---|
| 1 | സിദ്ധാർത്ഥൻ | പുതിയനികത്തിൽ എളങ്കുന്നപ്പുഴ | താമസിക്കാൻ താൽപ്പര്യമാണ്. |
| 2 | പ്രവീൺ (പോളി), | പുതിയനികത്തിൽ എളങ്കുന്നപ്പുഴ | താമസിക്കാൻ താൽപ്പര്യമാണ്. |
| 3 | ഷിജി മുരളി | കരുവേലിപ്പറമ്പിൽ ചാപ്ലാകടപ്പുറം | താമസിക്കാൻ താൽപ്പര്യമാണ്. |
| 4 | രേഷ്മ | അഞ്ചുപറകണ്ടത്തിൽ കറുത്തേടം | താമസിക്കാൻ താൽപ്പര്യമാണ്. |
| 5 | മിനി ഉണ്ണി | മാവുങ്കത്തറ, ചാപ്പാകടപ്പുറം | താമസിക്കാൻ താൽപ്പര്യമല്ല. |
| 6 | സുധീഷ് | അറക്കപറമ്പിൽ, മാലിപ്പുറം | താമസിക്കാൻ താൽപ്പര്യമല്ല. |
| 7 | അല്ലി | കണിയാംവെളി ചാപ്ലാകടപ്പുറം | താമസിക്കാൻ താൽപ്പര്യമല്ല. |
| 8 | കവിത | തണ്ടാശ്ശേരി, മാലിപ്പുറം | താമസിക്കാൻ താൽപ്പര്യമല്ല. |
| 9 | മല്ലിക | തണ്ടാശ്ശേരി, മാലിപ്പുറം | താമസിക്കാൻ താൽപ്പര്യമല്ല. |
| 10 | മിനി പുഷ്കരൻ | തണ്ടാശ്ശേരി,മാലിപ്പുറം | താമസിക്കാൻ താൽപ്പര്യമല്ല. |
| 11 | രാജു | പുതിയനികത്തിൽ എളങ്കുന്നപ്പുഴ | താമസിക്കാൻ താൽപ്പര്യമല്ല. |
| 12 | അനിത.പി.ഡി | തട്ടാംവെളിയിൽ | താമസിക്കാൻ താൽപ്പര്യമല്ല. |